എക്സ്-റെ ടെക്നീഷ്യനു ശമ്പളം കിട്ടുന്നില്ലെന്ന വാർത്ത.

14. [27] ശ്രീ. ജി. ചന്ദ്രശേഖരപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ ഡിസ്ട്രിക്റ്റ് ആശുപത്രിയിലെ എക്സ്-റെ ടെക്നീഷ്യൻ ശ്രീ. പണിക്കർക്ക് മൂന്നുമാസമായി ശമ്പളം കിട്ടുന്നില്ലെന്നും തന്മൂലം അയാളുടേയും കുടുംബത്തിന്റേയും പരിതാപകരമായ സ്ഥിതിയെപ്പറ്റിയും പത്രാധിപക്കുള്ള കത്ത് എന്ന കാളത്തിൽ 18-8-1964-ലെ കേരളകൗമുദിയിൽ പരസ്യം ചെയ്തിരുന്നതു് ഗവണ്മെന്റിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) അതിനു പരിഹാരമുണ്ടാക്കുവാൻ ഗവണ്മെന്റു സത്വരനടപടി നടത്തുമോ;

(സി) എന്തു കാരണത്താലാണു് ശ്രീ. പണിക്കർക്കു് മൂന്നുമാസമായി ശമ്പളം കിട്ടാതിരിക്കുന്നതു്;

(ഡി) സാധുക്കളായ അൽപ്പശമ്പളക്കാർക്കു് ഇങ്ങനെ ശമ്പളം കൊടുക്കാതെ വരുന്ന അവസ്ഥ ഉണ്ടാകാതിരിക്കാൻ ഗവണ്മെന്റു ശക്തിയായി നടപടി എടുക്കുമോ?

ഉത്തരം

(എ) ഉണ്ടു്.

(ബി) ഇക്കാര്യത്തെക്കുറിച്ചു് വിശദമായ റിപ്പോർട്ടു് ആവശ്യപ്പെട്ടിരിക്കുകയാണു്.

(സി) 'ബി' യുടെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

(ഡി) ആക്കെങ്കിലും ശമ്പളം കിട്ടാതെവരുന്ന അവസ്ഥ ഉണ്ടായാൽ ശക്തിയായ നടപടി എടുക്കുന്നതാണു്.

സ്ഥലംമാറ്റം സംബന്ധിച്ചു് നിലവിലുള്ള ചട്ടങ്ങൾ.

15. [30] ശ്രീ. പാറയിൽ ഷംസുദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഡാക്ടേഴ്സ്, നേഴ്സസ്, മിഡ്വൈഫ്സ്, വാർഡേഴ്സ് എന്നിവരുടെ ട്രാൻസ്ഫർ സംബന്ധിച്ചു നിലവിലുള്ള ചട്ടങ്ങളുടെ ഒരു കോപ്പി മേശപ്പുറത്തു വയ്ക്കുമോ;

(ബി) തിരുവനന്തപുരത്തെ മെൻറൽ ആശുപത്രിയിലെ വാർഡന്മാരുടെ സ്ഥലംമാറ്റത്തെപ്പറ്റി എന്തെങ്കിലും പരാതികൾ ലഭിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി എടുത്തു?

ഉത്തരം

(എ) ഡാക്ടേഴ്സ്, നേഴ്സസ്, വാർഡേഴ്സ് എന്നിവരുടെ സ്ഥലംമാറ്റത്തെ സംബന്ധിച്ചുള്ള ഉത്തരവുകളുടെ കോപ്പികൾ മേശപ്പുറത്തു വച്ചിട്ടുണ്ടു്. മിഡ്വൈഫുകളുടെ സ്ഥലംമാറ്റം സംബന്ധിച്ചു് പ്രത്യേക ഉത്തരവുകളൊന്നും ഇല്ല. ഇവർക്കു് G. O. (M. S.) 609/Public dated 19-5-1958-ൽ ഉള്ള ഉത്തരവു് ബാധകമാണു്. അതിന്റെ ഒരു കോപ്പിയും മേശപ്പുറത്തു വച്ചിട്ടുണ്ടു്. *

(ബി) വാർഡർമാരുടേയും അറ്റൻഡർമാരുടേയും അസോസിയേഷനിൽനിന്നും നാലു പുരുഷ വാർഡന്മാരുടെ സ്ഥലംമാറ്റത്തെപ്പറ്റി പരാതി ലഭിച്ചിട്ടുണ്ടു്.

(സി) മെൻറൽ ആശുപത്രി സൂപ്രണ്ടിന്റെ അപേക്ഷപ്രകാരം പകരം നാലു സ്ത്രീ വാർഡന്മാരെ നിയമിച്ചു. അതിനാൽ അസോസിയേഷന്റെ പരാതിയിന്മേൽ നടപടി എടുത്തില്ല.

Appendix VIII

LIBRARY ARCHIVES Kerala Legislative Assembly